(സി) വിൽപ്പനനികുതി ഏകമുഖമാക്കിയശേഷം നികുതിവരുമാനം ഓരോ ഇനങ്ങളിലും കൂടുതലോ കുറവോ;

(ഡി) നികുതി ഏകമുഖമോ ബഹുമുഖമോ എന്നതിന്റെ അടിസ്ഥാനത്തിൽ അതു പിരിക്കുവാൻ ആവശ്യമായ ഉദ്യോഗസ്ഥന്മാരുടെ എണ്ണത്തിൽ ഏറ്റക്കുറച്ചിലുണ്ടോ?

ധനകാര്യമന്ത്രി (ശ്രീ. സി. അച്യുതമേനോൻ):

(എ) 1-10-57-നു മുമ്പു് തിരു-കൊച്ചി പ്രദേശത്തെയും മലബാർ പ്രദേശത്തെയും വിൽപ്പനനികുതിക്കു് വ്യത്യാസമുണ്ടായിരുന്നു. തിരുവിതാംകൂർ-കൊച്ചി പ്രദേശത്തെ സംബന്ധിച്ചിടത്തോളം ഈ ഗവണ്മെന്റു് അധികാരത്തിൽ വന്നതിനുശേഷം 26 സാധനങ്ങളുടെ മേലുള്ള ബഹുമുഖ വില്പനനികുതി ഏകമുഖമായി മാറ്റിയിട്ടുണ്ടു്. അവയുടെ ലിസ്റ്റു് † മേശപ്പുറത്തു വച്ചിട്ടുണ്ടു്.

(ബി) വിവരങ്ങൾ ശേഖരിച്ചുവരുന്നതേയുള്ളു.

(സി) കൂടുതലാണെന്നാണു് അനുമാനം. കണക്കുകൾ ശേഖരിച്ചുവരുന്നതേയുള്ളു.

(ഡി) ഇല്ല.

ശ്രീ. എം. നാരായണക്കുറുപ്പു്: മലബാർ പ്രദേശത്തു് ഇപ്പോൾ ഈ സാധനങ്ങൾക്കു് ഏകമുഖ വില്പനനികുതിയില്ലെന്നാണോ മനസ്സിലാക്കുന്നതു്?

ശ്രീ. സി. അച്യുതമേനോൻ: നേരത്തെ വായിച്ചതുതാണു്. 1-10-57-നു് കേരളമൊട്ടാകെ ഏകീകരിച്ചു നികുതി നടപ്പിലാക്കി. തിരുവിതാംകൂർ പ്രദേശത്തെ സംബന്ധിച്ചിടത്തോളം ഈ ഗവണ്മെന്റു് വന്നതിനുശേഷം 26 സാധനങ്ങൾക്കു് മുമ്പു് ബഹുമുഖമായ വിൽപ്പനനികുതിയായിരുന്നതു് ഏകമുഖമാക്കിയിട്ടുണ്ടു്.

ശ്രീ. എം. നാരായണക്കുറുപ്പു്: കച്ചവടക്കാർക്കു് ഏകമുഖമാണു് സൗകര്യമെങ്കിൽ അതിനിയും കൂടുതൽ സാധനങ്ങളിലേക്കു് ഏർപ്പെടുത്താൻ ഗവണ്മെന്റു് നടപടിയെടുക്കുമോ?

ശ്രീ. സി. അച്യുതമേനോൻ: അതുദ്യം സൗകര്യപ്രദമാണെന്നു പറഞ്ഞിട്ടുള്ളു. കച്ചവടക്കാർതന്നെ ഇപ്പോൾ വീണ്ടും ബഹുമുഖമാക്കിക്കിട്ടണമെന്ന പരാതിയുമായി മുമ്പോട്ടുവന്നിട്ടുണ്ടു്.

കല്ലിടീൽ ചടങ്ങുകൾ.

* 1520. [8] ശ്രീ. എം. സി. ഏബ്രഹാം: താഴെ കാണുന്ന ചോദ്യങ്ങൾക്കു് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ മന്ത്രിസഭ അധികാരത്തിൽ വന്നതിനുശേഷം മന്ത്രിമാർ ആകെ എത്ര കല്ലിടീൽ ചടങ്ങുകളും ഉൽഘാടന ചടങ്ങുകളും നിർവ്വഹിച്ചിട്ടുണ്ടു്.

(ബി) പ്രസ്തുതതരം ചടങ്ങുകൾ ഏറ്റവും കൂടുതലും ഏറ്റവും കുറവും നിർവ്വഹിച്ച മന്ത്രിമാർ ആരെല്ലാം?

†Please see Appendix III.

LIBRARY ARCHIVES Kerala Legislative Assembly

മുഖ്യമന്ത്രി (ശ്രീ. ഇ. എം. എസ്. നമ്പൂതിരിപ്പാട്):

(എ) 31-3-59-ലെ 579-ാംനമ്പർ 'എ' വിജ്ഞാപനം ചോദ്യത്തിന്റെ ഉത്തരത്തിലേക്ക് ബഹുമാനപ്പെട്ട മെംബറുടെ ശ്രദ്ധയെ ക്ഷണിച്ചുകൊള്ളുന്നു.

(ബി) ചോദ്യം ഉദിക്കുന്നില്ല.

ശ്രീ. സി. എ. മാത്യു: പ്രസ്തുത തരം ചട്ടങ്ങളിൽ ഏറ്റവും കുറവും കൂടുതലും സംബന്ധിച്ചുതാരാണെന്നുള്ള ചോദ്യത്തിനു ഉത്തരം കിട്ടിയിട്ടില്ല.

ശ്രീ. ഇ. എം. എസ്. നമ്പൂതിരിപ്പാട്: കണക്കെടുത്തിട്ടില്ലെന്നു ഉത്തരം പറഞ്ഞിട്ടുണ്ട്.

ശ്രീ. എം. സി. ഇബ്രാഹിം: കണക്കെടുക്കാതെയല്ലേ എടുത്തുകൊണ്ടാണോ; അല്ല സാധിക്കാത്തതാണോ?

ശ്രീ. ഇ. എം. എസ്. നമ്പൂതിരിപ്പാട്: അങ്ങനെയുള്ള ഉത്തരത്തിൽ അതിന്റെ കണക്കെടുക്കേണ്ട ആവശ്യമുണ്ടെന്നു ഗവണ്മെന്റ് വിചാരിക്കുന്നില്ല എന്നാണു ഉത്തരം.

ശ്രീ. പി. ടി. ചാക്കോ: കണക്കെടുത്താലുമില്ലെങ്കിലും ഇത്തരം ചട്ടങ്ങൾ കൊണ്ടു നിവ്വഹിക്കുന്നതിനു പോർട്ടുഫോളിയോ ഇല്ലാത്ത ഒരു മന്ത്രിയെ എടുപ്പിക്കുന്ന കാര്യം ആലോചിക്കുന്നുണ്ടോ?

ശ്രീ. ഇ. എം. എസ്. നമ്പൂതിരിപ്പാട്: ബോംബയിലോ മറ്റോ അങ്ങനെയുണ്ടോ എന്നറിഞ്ഞുകൂടാ. ഇവിടെ അതിന്റെ ആവശ്യമില്ല.

വന്യമൃഗസംരക്ഷണം.

*1521. [9½] ശ്രീ. എൻ. ശിവൻപിള്ള: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ദയവുചെയ്തു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ വന്യമൃഗസംരക്ഷണകേന്ദ്രങ്ങൾ ഏതെല്ലാമാണു;

(ബി) വന്യമൃഗസംരക്ഷണത്തിനു ഗവണ്മെന്റ് സ്വീകരിച്ചിരിക്കുന്ന നടപടികൾ എന്തെല്ലാം?

മുഖ്യമന്ത്രി (ശ്രീ. കെ. സി. ജോർജ്ജ്):

(എ) പെരിയാർ, വാഴാനി, പീച്ചി, നെയ്യാർ.

(ബി) 1. വന്യമൃഗസംരക്ഷണത്തിനു പ്രത്യേകസ്ഥലം ഏർപ്പെടുത്തി അങ്ങനെയുള്ള സ്ഥലങ്ങളിൽ അവയുടെ നിർബാധം ജീവിക്കുന്നതിനു പൊതുജനങ്ങളുടെ പ്രവേശനത്തെ ശാശ്വതമായി നിരോധിച്ചിരിക്കുന്നു.

2. വന്യമൃഗസംരക്ഷണത്തിനുവേണ്ടി പൊതുജനങ്ങളുടെ അനധികൃതമായ പ്രവേശനത്തെ തടയുന്നതിനു ഉദ്യോഗസ്ഥന്മാരെയും കീഴ്ജീവനക്കാരെയും അറിയിച്ചിട്ടുണ്ട്.

3. ഉദ്യോഗസ്ഥന്മാരുടെയും ഉദ്യോഗസ്ഥന്മാരുമല്ലാത്ത അസോസിയേഷനുകളും രൂപീകരിച്ചു അവക്കു അത്യാവശ്യമായ സഹായധനം കൊടുക്കാൻ ഗവണ്മെന്റ് ഏർപ്പാടുചെയ്തിട്ടുണ്ട്.

4. യഥാകാലങ്ങളിൽ ഗവണ്മെന്റിൽനിന്നും വന്യമൃഗസംരക്ഷണത്തിനായി ഒരു ബോർഡും, വന്യമൃഗസംരക്ഷണം മുഖ്യമായി കാര്യക്ഷമമായി നടത്തുന്നതിനു ഒരു വന്യമൃഗസംരക്ഷണ ആക്ടും രൂപീകരിച്ചിട്ടുണ്ട്.

ശ്രീ. എം. ഗോപാലൻകുട്ടി നായർ: കോഴിക്കോട് ഡിസ്ട്രിക്ടിൽ ഒരു വന്യമൃഗസംരക്ഷണസങ്കേതം ഉണ്ടാക്കാൻ ആലോചനയുണ്ടോ?

LIBRARY ARCHIVES Kerala Legislative Assembly